കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - ഡി.എൽ.ഇ.ഡി (ഹിന്ദി) ഡിപ്ലോമാ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ കോഴ്സ് - ഹിന്ദി പ്രചാരവിദ്യാലയം, തൃശ്ശൂർ - നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (സാധാ)നം.430/2013/പൊ.വി.വ തീയതി, തിരുവനന്തപുരം, 30.1.2013

---

പരാമർശം: 1. തൃശ്ശൂർ ഹിന്ദി പ്രചാരവിദ്യാലയം സെക്രട്ടറിയുടെ 17.11.2011 ലെ നിവേദനം.

2. എസ്.സി.ഇ.ആർ.റ്റി ഡയറക്ടറുടെ 4.6.2012 ലെ 4/258/12/എസ്.സി.ഇ.ആർ.റ്റി നം കത്ത്.

## ഉത്തരവ്

തൃശ്ശൂർ ഹിന്ദി പ്രചാരവിദ്യാലയത്തിന് ഡി.എൽ.ഇ.ഡി (ഹിന്ദി) ഡിപ്ലോമാ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകണമെന്ന് പരാമർശം 1 ലെ നിവേദനത്തിൽ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

പരാമർശം 2 -ലെ എസ്.സി.ഇ.ആർ.റ്റി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി തൃശ്ശൂർ ഹിന്ദി വിദ്യാലയത്തിന് ഡി.എൽ.ഇ.ഡി കോഴ്സ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. മൂന്ന് വർഷത്തിനകം. സ്വന്തമായി സ്ഥലവും കെട്ടിടവും എൻ.സി.റ്റി.ഇ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ലഭ്യമാക്കേണ്ടതാണ്.
2. 3000 പുസ്തകങ്ങൾ ആണ് ആവശ്യമായിട്ടുള്ളത്. ബാക്കി പുസ്തകങ്ങൾ ഒരു വർഷത്തിനകം ലഭ്യമാക്കേണ്ടതാണ്.
3. കേരള ഗവൺമെന്റ് നടത്തുന്ന ഡിപ്ലോമ ഇൻ ലാംഗ്വജ് എജ്യൂക്കേഷൻ കോഴ്സിന്റെ കരിക്കുലവും സിലബസുമാണ് സ്വീകരിക്കേണ്ടത്.
4. 60 സീറ്റുള്ള ബാച്ചിൽ 50% കുട്ടികൾ മെരിറ്റിലും 50% മാനേജ്മെന്റിലും അഡ്മിഷൻ നൽകേണ്ടതാണ്.
5. മെരിറ്റ് സീറ്റിൽ സർക്കാർ മാനദണ്ഡം അനുസരിച്ചുള്ള പ്രവേശന മാനദണ്ഡങ്ങൾ സംവരണം അടക്കം കർശനമായി പാലിക്കേണ്ടതാണ്.
6. ഹിന്ദിയിലുള്ള ബിരുദമാണ് പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യത. കൂടാതെ ബിരുദത്തിനു തുല്യമായ സർക്കാർ അംഗീകരിച്ച മറ്റ് കോഴ്സുകളും, പരിഗണിക്കാം. ബിരുദത്തിന് 50 ശതമാനം മാർക്ക് ഉണ്ടായിരിക്കേണ്ടതാണ്.
7. പാഠ്യപദ്ധതിയിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രായപരിധി പാലിക്കേണ്ടതാണ്.
8. ഹിന്ദിയിൽ എം.എ,എം.എഡ്/എം.എ.ബി.എഡ് യോഗ്യത അധ്യാപകന് ഉണ്ടായിരിക്കേണ്ടതാണ്.
9. പ്രിൻസിപ്പലിന് മേൽപ്പറഞ്ഞ യോഗ്യതയോടൊപ്പം പത്ത് വർഷത്തെ അധ്യാപന/പ്രിൻസിപ്പലായുള്ള പരിചയമുണ്ടായിരിക്കേണ്ടതാണ്.
10. നിഷ്കർഷിച്ചിട്ടുള്ള ലൈബ്രറി, റീഡിംഗ്റൂം തുടങ്ങി അടിസ്ഥാനവും അക്കാദമികവുമായ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

11. ഒരു ക്ലാർക്ക്, ഒരു പ്യൂൺ എന്നിവരുടെ സേവനം ഉറപ്പ് വരുത്തണം.
12. ഈ കോഴ്സ് പൂർണ്ണമായും സ്വാശ്രയ കോഴ്സ് ആണ്. ഈ കോഴ്സിന്റെ നടത്തിപ്പിന് സർക്കാരിന്റെ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. അധ്യാപക അധ്യാപകേതര ജീവനക്കാരുടെ നിയമനം, ശമ്പളം, തുടങ്ങിയ ആനുകൂല്യങ്ങൾ സ്വാശ്രയസ്ഥാപനങ്ങൾക്ക് സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
കെ.ശൈലശ്രീ
ജോയിന്റ് സെക്രട്ടറി

**പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം**
**ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം**
**സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം**
**സെക്രട്ടറി, ഹിന്ദി പ്രചാരവിദ്യാലയം, തൃശ്ശൂർ**
**ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ